കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

**[www.lfa.kerala.gov.in](http://www.lfa.kerala.gov.in)**

# വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

കെ.എസ്.എ-പികെഡി16/1879/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി – 06.01.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

വല്ലപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3ലെ എന്നിവയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി16/1879/2016 തീയതി – 06.01.2016

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-9-2015 മുതൽ 20-09-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-05-2016 മുതൽ 29-05-2016 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ്ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.സി.ഹരിഗോബിന്ദ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സി.എൽ. പദ്മകുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.എം.മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്:

| പേര് | കാലയളവ് |
|---|---|
| ശ്രീ.കെ.അബ്ദുൾ റഹ്മാൻ | 1-04-2015 മുതൽ 31-10-2015 വരെ<br>അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി-1.11.15 മുതൽ 20.11.15 വരെ |
| ശ്രീമതി.എൻ. നന്ദവിലാസിനി | 21-11-2015 മുതൽ 31-3-2016 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.എ.എസ്. തമ്പി | 1-4-2015 മുതൽ 6-6-2015 വരെ |
| ശ്രീമതി.എം.വിജയലക്ഷ്മി (അഡീ.ചാർജ്ജ്) | 7-6-2015മുതൽ 21-7-2015 വരെ |
| ശ്രീ.ജിനേഷ്. ജി | 22-7-2015മുതൽ 9-8-2015 വരെ |
| ശ്രീ.പി.എം.ഉണ്ണികൃഷ്ണൻ (ഹെഡ്ക്ലാർക്ക്-ഇൻ ചാർജ്ജ്) | 10-8-2015 മുതൽ 14-10-2015 വരെ |
| ശ്രീ.ജിനേഷ്. ജി | 15-10-2015 മുതൽ 11-1-2015 വരെ |
| ശ്രീ.പി.എം.ഉണ്ണികൃഷ്ണൻ (ഹെഡ്ക്ലാർക്ക്-ഇൻ ചാർജ്ജ്) | 12-1-2015മുതൽ31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.ഷഹൻഷാ ബഷീർ | 1-4-2015 മുതൽ 6-7-2015 വരെ |
| | ശ്രീ.ചന്ദ്രശേഖരൻ | 7-7-2015 മുതൽ 5-8-2015 വരെ |
| | ശ്രീമതി.സജിനാബീവി.ജെ | 6-8-2015മുതൽ15-9-2015 വരെ |
| | കുമാരി.അനുഷ.ആർ | 16-9-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | രഘുകുമാർ .കെ | 1-4-2015 മുതൽ 28-5-2015 വരെ |
| | ശരത് മോഹൻ പി.പി. | 29-5-2015 മുതൽ 21-8-2015 വരെ |
| | രവീന്ദ്രൻ ഇ.എൻ | 22-8-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| ICDS സൂപ്പർവൈസർ | ശ്രീമതി.ബിന്ദു.ടി | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ. | ശ്രീ.കെ.ജെ.വിജയൻ | *1-4-2015 മുതൽ 31-3-2016 വരെ* |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.വി.എം.സൗമ്യ | *1-4-2015 മുതൽ 31-3-2016 വരെ* |
| മെഡിക്കൽ ഓഫീസർ (ISM) | ഡോ.എം.വി.പദ്മം | *1-4-2015 മുതൽ 31-3-2016 വരെ* |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എ.സുമയ്യ | *1-4-2015 മുതൽ 31-3-2016 വരെ* |
| വെറ്ററിനറി സർജൻ | ഡോ.ജ്യോതിഷ് കുമാർ | *1-4-2015 മുതൽ 31-12-15 വരെ* |
| | ഡോ.ഇ.ബാലൻ | *1-1-16 മുതൽ 31-3-2016 വരെ* |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.പ്രേമ | 1-4-2015 മുതൽ 31-3-2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജററ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/ തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2015-16 | 1/25-3-2015 | ഇല്ല |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 18-8-2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

## നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27-09-2016 | |

# 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2015-16 | 18090233 | 44952477 | 63042710 | 55432111 | 7610599 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 713424 | 2703486 | 3416910 | 3416910 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1619344 | 4579702 | 6199046 | 6199046 | 0 |
| വികസനഫണ്ട് ടി.എസ്.പി. | ---- | --- | --- | --- | --- |
| സംരക്ഷണഗ്രാന്റ് റോഡ് | 498334 | 4766285 | 5264619 | 5264619 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 447089 | 902862 | 1349951 | 1349951 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 2868871 | 149130 | 3018001 | 3018001 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ | 2201401 | 7114860 | 9316261 | 9316261 | 0 |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 8363972 | 7534585 | 15898557 | 11321124 | 4577433 |
| MGNREGS | 40717 | 7046436 | 7087153 | 7072604 | 14549 |
| ബി ഫണ്ട് | --- | 366434 | 366434 | 366434 | --- |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 177 | 79799469 | 112 | 44883454 | 43 | 22 | 63.27 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ – ഒന്നുമില്ല

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2604389 | 2763888 | 159499 | (+)6 |
| നികുതിയേതര വരവുകൾ | 482595 | 530076 | 47481 | (+)9 |
| മറ്റു വരവുകൾ | 86420 | 79088 | 7332 | (-)8 |
| ആകെ | 3173404 | 3373052 | 199648 | (+)6 |

# 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ | 2015-16 |
|---|---|

| പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 8 | 58080 |
| കർഷകതൊഴിലാളി പെൻഷൻ | 8 | 0 |
| വിധവാ പെൻഷൻ | 64 | 0 |
| വാർദ്ധക്യകാല പെൻഷൻ | 348 | 0 |
| വികലാംഗ പെൻഷൻ | 11 | 0 |
| അവിവാഹിത പെൻഷൻ | 3 | 0 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 7 | 90000 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-09-2016 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1166/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ: കൈമാറിക്കിട്ടിയ ആഫീസുകളിലെതുൾപ്പെടെ ഗ്രാമ പഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, വീട്ട് മേൽവിലാസം ടെലിഫോൺ നമ്പർ, ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്മാർ സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ: ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിവിധ ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ: സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്ന രീതിയില്ല രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്.

എം.ഒ.പി. പാലിക്കുന്നില്ല: പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1/13880/06 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ജീവനക്കാർ എം.ഒ.പി. പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഫയലുകളിൽ കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫയലുകളിൽ ഒന്നും തന്നെ ഓഫീസ് നോട്ട് എഴുതുന്നില്ല. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പ്രൊക്യൂർമെന്റ് കമ്മിറ്റി

03-04-2013 പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ആദ്യ യോഗം ചേർന്നിട്ടുള്ളത്. സോഷ്യൽ മോണിറ്ററിംങ് കമ്മിററി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

അസാധാരണ ചെലവുകൾ: പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം: ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. കുടിവെള്ളം, ടോയ് ലറ്റ് എന്നിവ ഇല്ല.

# 1-11 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-12 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, നിരക്ക് എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഒടുക്കുന്ന വൈദ്യുതിചാർജ്ജിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, തരവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, പ്രകാശിക്കുന്ന വിളക്കുകൾക്കു മാത്രമാണ് താരിഫ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ, സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-13 പൊതു ടാപ്പുകളുടെ വെള്ളക്കരം

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിലെ 167 പൊതുടാപ്പുകൾക്ക് പ്രതിമാസം 73063 രൂപവീതം അടവാക്കിയിട്ടുണ്ട് നിലവിൽ ടാപ്പ് നിരക്ക് 5250 രൂപയാണ്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖയിലെ (സ.ഉ.(സാധ)നം.1275/2009/ത.സ്വ.ഭ.വ., തീ. 30.05.09) നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 കുടിവെള്ള പദ്ധതികളുടെ പരിപാലനം

പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏല്പിച്ചിട്ടുണ്ട്.

## 1-15 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-09-2016 | 8/2016 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-02-2006മുതൽ 22-02-2006വരെ | 1997-98മുതൽ 2004-05വരെ | 22-02-2006 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 'ഡി & ഒ' ലൈസൻസ് ഫീസ് പിരിവ് -അപാകതകൾ

2015-16 വർഷത്തെ 'ഡി & ഒ' ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- പഞ്ചായത്തിൽ കച്ചവടത്തിലേർപ്പെട്ടിരിക്കുന്ന മുഴുവൻ കച്ചവടക്കാരുടെയും വിവരങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
- പഞ്ചായത്തിനകത്ത് 'ഡി & ഒ' ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും 'ഡി & ഒ' ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. (ഉദാ:കള്ള് ഷാപ്പുകൾ,റേഷൻ ഷാപ്പുകൾ തുടങ്ങിയവ)
- 2015-16 വർഷത്തെ ആകെ 180 സ്ഥാപനങ്ങൾക്കു മാത്രമേ 'ഡി & ഒ' ലൈസൻസ് നൽകിയിട്ടുള്ളൂ.

- ക്വാറികൾക്ക് 'ഡി & ഒ' ലൈസൻസ് അനുവദിച്ചപ്പോൾ അപേക്ഷയോടൊപ്പം ഫയലിൽ സൂക്ഷിക്കേണ്ട മുഴുവൻ രേഖകളും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

ഉദാ:

| ലൈസൻസ് നം. | സ്ഥാപനം. | ഫയലിൽ സൂക്ഷിക്കാത്ത രേഖകൾ |
|---|---|---|
| 28/15-16 | ത്രീ സ്റ്റാർ മെറ്റൽ ക്രഷർ-കരിങ്കൽ ക്വാറി | ◦ ആധാരത്തിന്റെ പകർപ്പ്<br>◦ ക്വാറിയിംഗ് പെർമിറ്റ്<br>◦ റവന്യൂ വകുപ്പിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ്<br>◦ ഭൂ നികുതി അടച്ച രശീതി |
| 32/15-16 | ഷാലിമാർ ഗ്രാനൈറ്റ് & കരിങ്കൽ ക്വാറി | ◦ ആധാരത്തിന്റെ പകർപ്പ്<br>◦ റവന്യൂ വകുപ്പിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ്<br>◦ ഭൂ നികുതി അടച്ച രശീതി |

- 103/15-16 ,104/15-16 എന്നീ ലൈസൻസ് ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് പരിഹാര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച്

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2015-16വർഷത്തിൽ ആദ്യ അർദ്ധ വാർഷിക തൊഴിൽ നികുതിയും / രണ്ടാം അർദ്ധ വാർഷിക തൊഴിൽ നികുതിയും അടവാക്കിയതായി കാണുന്നില്ല.

കെയർ ആശുപത്രി, വല്ലപ്പുഴ

പോസ്റ്റ് ഓഫീസ്, കുറുവട്ടൂർ

ബി.എസ്.എൻ.എൽ

പോസ്റ്റ് ഓഫീസ്, ചെറുകോട്

ഫെഡറൽ ബാങ്ക്, വല്ലപ്പുഴ

കൂടാതെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും ഒന്നാം അർദ്ധ വാർഷിക/രണ്ടാം അർദ്ധ വാർഷിക എന്നിങ്ങനെ രജിസ്റ്ററിൽ രേഖപ്പെടുത്തിയ കാണുന്നില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 07/28.9.16) നികുതി അടയ്ക്കാത്ത സ്ഥാപനത്തിന് നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും രജിസ്റ്ററിൽ രേഖപ്പെടുത്താത്ത സ്ഥാപനങ്ങളെ രജിസ്റ്ററിൽ

രേഖപ്പെടുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2-3 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആകെ 3 മൊബൈൽ ടവറുകളിൽ നിന്നും 2015-16 വർഷത്തിൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.

ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ കണ്ടെത്തി ആയതിൽ നിന്നും പെർമിറ്റ് ഫീസും വസ്തുനികുതിയും ഈടാക്കുന്നതിന് സർക്കാർ 19.10.2014 ലെ 40395/RC2/2014 lsgd സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയത് പഞ്ചായത്തിൽ നടത്താത്തതിനാൽ പഞ്ചായത്തിന് പെർമിറ്റ് ഫീസ്/ വസ്തുനികുതി ഇനത്തിൽ പ്രതിവർഷം വൻതുക വരവ് നഷ്ടം സംഭവിക്കുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ മൊബൈൽ ടവറുകളിൽ നിന്നും പെർമിറ്റ് ഫീസും വസ്തുനികുതിയും ഈടാക്കേണ്ടതും പഞ്ചായത്തിന്റെ തനതു വരുമാനം വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വനിതാ കാന്റീനിന്റെ വാടക ഇനത്തിൽ 2015-16 വർഷം 15900 രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വാടക കുടിശ്ശിക പിഴപലിശ അടക്കം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തനതു വരുമാനം ഒരൊറ്റ ബാങ്ക് അക്കൗണ്ടിൽ മാത്രം സൂക്ഷിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26-5-2011 ലെ സർക്കുലർ നം.58725/FM3/2008 ലെ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്ത് തനതു വരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാത്കൃത ബാങ്ക് അക്കൗണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രമേ നിക്ഷേപിക്കാവൂ. എന്നാൽ ഗ്രാമ പഞ്ചായത്തിൽ വല്ലപ്പുഴ സർവീസ് സഹകരണ ബാങ്ക്, വല്ലപ്പുഴ ബ്രാഞ്ച് -അക്കൗണ്ട് നം.130, SBI വല്ലപ്പുഴ ബ്രാഞ്ച്- അക്കൗണ്ട് നം.34074556447 എന്നീ രണ്ട് അക്കൗണ്ടുകളിൽ തനതു വരുമാനം നിക്ഷേപിച്ചിട്ടുണ്ട്.

തനതു വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമെ ഒരൊറ്റ ബാങ്ക് അക്കൗണ്ട് മാത്രം നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നത് സംബന്ധിച്ച്

പ്രോജക്റ്റ് നമ്പർ 145/16 ഭവന പുനരുദ്ധാരണം (ജനറൽ)

അടങ്കൽ തുക 15,00,000

(ബിൽ നമ്പർ 1/2015-16/21.1.16 ൽ11,70,000

ട്രഷറി ചെക്ക് 4684067/20.2.16 ൽ3,30,000 )

പ്രോജക്റ്റ് നമ്പർ 146/16 ഭവന പുനരുദ്ധാരണം (എസ്.സി)

അടങ്കൽ തുക 6,00,000

(ബിൽ നമ്പർ 2/2015-16/21.1.16 ൽ 4,00,000

ബിൽ നമ്പർ 9/2015-16/21.1.16 ൽ2,00,000 )

2015-16 സാമ്പത്തിക വർഷത്തിൽ ഭവന പുനരുദ്ധാരണം (ജനറൽ), ഭവന പുനരുദ്ധാരണം (എസ്.സി) എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ വി.ഇ.ഒ ഹാജരാക്കിയിട്ടില്ല. എൽ.എസ്.ജി.ഡി എഞ്ചിനിയർഅളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടതാണ്. അത് പാലിച്ചതായി കാണുന്നില്ല.
കൂടാതെ മോണിറ്ററിംഗ് കമ്മറ്റിയുടെ റിപ്പോർട്ട്, വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, കംപ്ളീഷൻ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഇല്ലാതെ പ്രോജക്റ്റ് നമ്പർ 145/16 ന് 10000 രൂപ വീതം 150 പേർക്ക് (മൊത്തം 15ലക്ഷം) ഭവന പുനരുദ്ധാരണത്തിന് നല്കിയിട്ടുണ്ട്. പ്രോജക്റ്റ് നമ്പർ 146/16 ന് 20000 രൂപ വീതം 30പേർക്ക് (മൊത്തം 6ലക്ഷം) ഭവന പുനരുദ്ധാരണത്തിന് നല്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിക്കാതെ തുക നല്കിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 10, തീയ്യതി 29/09/2016) വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നതുവരെ 21,00,000 ( 15ലക്ഷം+6ലക്ഷം = 21ലക്ഷം) തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 ജല അതോറിറ്റിയുമായി സംയുക്ത പരിശോധനയിലൂടെ പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള പൊതുടാപ്പുകളുടെ ആകെ എണ്ണവും, ആയതിൽ ജലം ലഭ്യമാക്കുന്നവയുടേയും, പ്രവർത്തനരഹിത മായവയുടെ എണ്ണത്തിന്റേയും സ്ഥിതിവിവര കണക്കുകൾ ജല അതോറിറ്റിയുടെ സഹായത്തോടെ സംയുക്ത പരിശോധനയിലൂടെ പഞ്ചായത്ത് തിട്ടപ്പെടുത്തിയിട്ടില്ല.ഇതിലേക്കായി ജല അതോറിറ്റിയുടെ പ്രാദേശിക ഓഫീസിലെ എക്സിക്യൂട്ടീവ് എൻജിനീയറോട് പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം 22.3.16 ന് എ3.57/16നം. കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിത് വരെ ജല അതോറിറ്റി ഇതിലേക്കായി നടപടികൾ സ്വീകരിച്ചിട്ടില്ല.സർക്കാർ ഉത്തരവ് ജി.ഒ./(ആർ.ടി)/2242/2011 /ത.സ്വ.ഭ.വ. 28.9.11 പ്രകാരം ജല അതോറിറ്റിക്ക് സംയുക്ത പരിശോധന നടത്തുവാനായി രേഖാമൂലം ആവശ്യപ്പെട്ടതിന് ശേഷം ഒരാഴ്ച്ചയ്ക്കകം സംയുക്ത പരിശോധന നടത്തി റിപ്പോർട്ട്

പഞ്ചായത്തിനും പഞ്ചായത്ത് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ഇത് സംബന്ധിച്ച് തർക്ക പരിഹാരത്തിനായി പഞ്ചായത്ത് ഡയറക്ടർ കൺവീനറായി കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച സമയ പരിധിയായ ഒരാഴ്ച്ചയ്ക്ക് ശേഷവും ജല അതോറിറ്റി സംയുക്ത പരിശോധന നടത്താത്ത സാഹചര്യത്തിൽ വെള്ളക്കര കുടിശ്ശിക ഗ്രാന്റിൽ നിന്നും പിടിച്ചുവാക്കാവുന്നതല്ല എന്നും മേൽ ഉത്തരവ് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി ഒരു പ്രോജക്റ്റ് വിഭാവനത്തിലൂടെ വെള്ളക്കര കുടിശ്ശിക ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ നൽകുന്നു:

പ്രൊജകറ്റ് നം : 183/16

പേര് : വെള്ളക്കര കുടിശ്ശിക അടക്കൽ

അടങ്കൽ : 4,00,000/-

ചിലവ് : 4,00,000/-

ശ്രോതസ്സ് : മേയിന്റനൻസ് റോഡിതരം.

വൗച്ചർ നം./തീയതി : 21500865/5/3/16

ഡി.ഡി.നം./തീയതി : 334323/8/3/16

സർക്കാർ ഉത്തരവ് ജി.ഒ./(ആർ.ടി)/2242/2011/ത.സ്വ.ഭ.വ. 28.9.11 പ്രകാരം ജല അതോറിറ്റിക്ക് സംയുക്ത പരിശോധന നടത്തുവാനായി രേഖാമൂലം ആവശ്യപ്പെട്ടതിന് ശേഷവും ഒരാഴ്ച്ചയ്ക്കകം ആയത് ജല അതോറിറ്റി നിർവ്വഹിക്കാത്തതിനാൽ മേൽപറഞ്ഞ ഗ്രാന്റിൽ നിന്നും അടവാക്കിയ 4,00,000/- രൂപയുള്ള അംഗീകാരം സർക്കാരിൽ നിന്നും ലഭ്യമാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു.

വ്യക്തമായ കണക്കുകളുടെ അഭാവത്തിൽ അധിക ചാർജ്ജ് സംബന്ധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് ജല അതോറിറ്റിയുടെ സാഹയത്താൽ പരിശോധന നടത്തുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതണ്.

## 3-3 ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് മുമ്പ് പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ കുടിവെള്ള പദ്ധികൾക്കായി വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടവാക്കിയത് - സംബന്ധിച്ച്.

ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് മുമ്പ് പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ കുടിവെള്ള പദ്ധികൾക്കായി അടവാക്കുവാനുള്ള വൈദ്യുതി കുടിശ്ശികയുടെ വിശദവിവരം താഴെ കൊടുക്കുന്നു:

| ക്രമ നം. | കൺസ്യൂമർ നം. | കുടിവെള്ള പദ്ധികളുടെ പേര് | കുടിശ്ശിക | സർച്ചാർജ് | ആകെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 4761 | ചൂരക്കോട് ഹരിജൻ കോളനി | 1,33,072 | 1,03,341 | 236413 |
| 2 | 4762 | മാട്ടായ റോഡ് | 1,23,596 | 1,41,086 | 264682 |
| 3 | 5683 | പഞ്ചായത്ത് ഓഫീസിന് സമീപം | 4,96,482 | 5,03,422 | 999904 |
| 4 | 5896 | കഞ്ഞികുറിശ്ശി | 1,62,415 | 1,31,463 | 293878 |
| 5 | 6386 | ചേരിക്കൽ | 1,41,710 | 1,23,257 | 264967 |
| 6 | 6702 | അപ്പംകണ്ടം | 50,411 | 20,110 | 70521 |
| 7 | 6941 | പ്ലാച്ചിക്കോട് | 3,57,436 | 3,98,878 | 756314 |
| 8 | 6975 | ചൂരക്കോട് പാലം | 1,16,412 | 1,15,862 | 232274 |
| 9 | 7565 | മലപ്പുറം | 1,55,681 | 81,537 | 237218 |
| 10 | 7941 | കുറവട്ടൂർ | 56,198 | 46,118 | 102316 |
| | ആകെ | | 17,93,413 | 166,5074 | 34,58,487 |

മുകളിൽ കൊടുത്തിരിക്കുന്ന കണക്കുകളിൽ നിന്നും കുടിശ്ശികയും പലിശയും ചേർത്ത് ആകെ 34,58,487/- രൂപ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് അടവാക്കാനുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്.ആയതിൽ ക്രമ നം :6,9 എന്നിവയിലെ കുടിവെള്ള പദ്ധതികൾക്കായുള്ള കുടിശ്ശിക അടവാക്കുവാനായി കെ.എസ്.ഇ.ബി. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും പഞ്ചായത്ത് അടവാക്കുകയും ചെയ്തിട്ടുണ്ട്.

വിശദവിവരങ്ങൾ :

| വൗച്ചർ നം. | തീയതി | കൺസ്യൂമർ നം. | കുടിശ്ശിക |
|---|---|---|---|
| 21500761 | 2.2.16 | 6702 | 70521 |
| 21500762 | 2.2.16 | 7565 | 237218 |
| | | ആകെ | 3,07,739 |

ഇത്രയും ഭീമമായ തുക അടവാക്കേണ്ട സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപെട്ടതിന് രേഖാമൂലമുള്ള മറുപടിയിൽ മുൻ കാലങ്ങളിൽ അടവാക്കുവാൻ അവശേഷിക്കുന്ന വൈദ്യുതി ചാർജ്ജിൻ മേൽ പലിശ കൂടി ചുമത്തിയതിനാലാണെന്നാണ് സെക്രട്ടറി വ്യക്തമാക്കിയിരിക്കുന്നത്. കാലാകാലങ്ങളിൽ അടവാക്കേണ്ട വൈദ്യുതിചാർജ്ജ് സമയബന്ധിതമായി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഇത്തരം സാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തികളുടെ രേഖകൾ പരിപാലിക്കുന്നതിലെ അപാകതകൾ സംബന്ധിച്ച്

പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ താഴെ പറയുന്നവിധത്തിലുള്ള അപാകതകൾ നിലനിൽക്കുന്നു

1. ക്യാഷ്ബുക്ക് എഴുതി തയ്യാറാക്കിയിട്ടില്ല.
2. വർക്ക്ബിൽ രജിസ്റ്റർ എഴുതിയിട്ടില്ല.
3. ടെൻഡർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ പൂർണ്ണമായ രേഖപ്പെടുത്തിലുകളില്ല.
4. കരാർ പത്രികകളിൽ അപൂർവ്വം ചിലവയൊഴികെ രേഖപ്പെടുത്തലുകൾ ഒന്നും കാണുന്നില്ല.
5. ഫയലിനോടൊപ്പം സെലക്ഷൻ നോട്ടീസ് വെച്ചിട്ടില്ല.
6. കൺവീനർ പ്രവൃത്തികളുടെ ഭാഗമായി വാങ്ങിയ സാധന സാമഗ്രികളുടെ ബില്ലുകൾ പൂർണ്ണമായും സൂക്ഷിച്ചിട്ടില്ല. മിനുട്സ് ബുക്കുകൾ മുഴവൻ കണക്കുകളും ഉൾപ്പെടുത്തി അംഗീകരിച്ചിട്ടില്ല.
7. ആസ്തി രജീസ്റ്റർ, റോഡ് രജിസ്റ്റർ എന്നിവ അപൂർണ്ണമാണ്.
8. റോഡുകളുടെ കണക്റ്റിവിറ്റി പ്ലാൻ, ഹെക്ടോമീറ്റർ, കിലോമീറ്റർ എന്നിവ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
9. ചെയിനേജ് സംബന്ധിച്ച രജിസ്റ്റർ/ഫയലുകൾ എന്നിവ.

## 3-5 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ നൽകൽ പദ്ധതി-സ്കൂട്ടർ വിത്ത്സൈഡ് വീൽ ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ :140/15-16

നിർവഹണ ഉദ്യോഗസ്ഥൻ :ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ :4,32000 (പദ്ധതിവിഹിതം 4ലക്ഷം, തനതുഫണ്ട് 32000)

ചെലവ് :4,29000 (പദ്ധതിവിഹിതം 4ലക്ഷം, തനതുഫണ്ട് 29000)

ബിൽ നമ്പർ :9/15-16 തി.28.3.16

പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന 6 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിത്ത്സൈഡ് വീൽ നൽകുന്നതാണ്. 31.1.2014തിയതിയിൽ നടന്ന സ്പെഷ്യൽ ഗ്രാമസഭ,മെഡിക്കൽ ക്യാമ്പ് എന്നിവയെ തുടർന്ന് തിരെഞ്ഞടുത്ത 6 ഗുണഭോക്താക്കൾക്ക് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും സ്കൂട്ടർ വിത്ത്സൈഡ് വീൽ നൽകുന്നതിന് സ്കൂട്ടർ ഒന്നിന് 71500 രൂപ നിരക്കിൽ ആകെ ആകെ

429000 രൂപയുടെ ഇൻവോയിസ് (നം.38677/b3/13HPWC16) ലഭ്യമായി. തുടർന്ന് 31.3.2016 തിയതി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എം.ഡി യുടെ പേരിൽ 429000 രൂപ (പദ്ധതിവിഹിതം 4ലക്ഷം, തനതുഫണ്ട് 29000) DD ആക്കി നിർവഹണോദ്യഗസ്ഥന്റെ കൈവശം സൂക്ഷിച്ചിരിക്കുകയാണ്. നാളിതുവരെയും വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും സ്കൂട്ടർ വിത്ത്സൈഡ് വീൽ ലഭ്യമായിട്ടില്ല. വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ആയത് എത്രയും വേഗം ലഭ്യമാക്കാനും ഗുണഭോക്താക്കൾക്ക് കൈമാറാനുള്ള നടപടിൾ സ്വീകരിക്കേണ്ടതും കൈമാറിയ ശേഷം ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിനായി കൃത്യമാക്കി സൂക്ഷിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തുക തിരിച്ചടക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്കുകൾക്ക് മീററർ ഘടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

12-03-2013 ലെ സ.നം.,65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരംഎല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. നിലവിൽ പഞ്ചായത്ത് തെരുവ് വിളക്കുകൾക്ക് മീററർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരമനുസരിച്ചാണ് കെ.എസ്.ഇ.ബി വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. ഇത് കാരണം ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം സൃഷ്ട്ടിക്കും. ആയത് ഒഴിവാക്കുവാനും അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യതയും/സുതാര്യതയും കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധനയിലൂടെ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം/തരം /നിരക്ക് എന്നിവ നിർണ്ണയിച്ച് ഓരോ മീറ്റർ പേയിന്റിനും ഒരു കൺസ്യൂമർ നമ്പർ വീതം അനുവദിക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-7 പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കേണ്ടതാണ്.

നിലവിൽ പഞ്ചായത്തിന്റെ പരിധിയിൽ 167 പൊതുടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കുന്നത്. ഇവയ്ക്ക് ജല അതോറിറ്റി ഈടാക്കുന്ന വെള്ളക്കരത്തിന്റെ വിശദവിവരങ്ങൾ താഴെ നൽകുന്നു :

മാസം : മാർച്ച് 2016

പൊതു ടാപ്പുകളുടെ എണ്ണം : 167

നിരക്ക് /ഒരു ടാപ്പിന് / പ്രതിവർഷം : 5250/-

29/2/16 ലെ കുടിശ്ശിക നീക്കിയിരിപ്പ് : 9,66,477

ഫൈൻ :18,957

തൻമാസത്തെ ഡിമാന്റ് :73,063

ജലം ലഭ്യമാക്കുന്നതിന് മാത്രമെ വെള്ളക്കരം അടവാക്കപ്പെടുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുവാനായി നിലവിൽ പൊതുടാപ്പുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല. പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തി മീറ്റർ സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്കുകൾക്ക് താരതമ്യേന വൈദ്യുതി ഉപഭോഗം കുറഞ്ഞ ബൾബുകൾ ഉപയോഗിക്കണം

പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ എണ്ണവും തരവുമനുസരിച്ച് KSEB ഇടാക്കി വരുന്ന വൈദ്യുതിചാർജ്ജ് താഴെപ്റയും പ്രകാരമാണ്:

| തരം | എണ്ണം | 12മണിക്കൂറിന് | തുക |
|---|---|---|---|
| സാധാരണ ബൾബ് | 90 | 61 | 5490 |
| CFL | 634 | 14 | 8876 |
| സോഡിയം വേപ്പർ ബൾബ് | 26 | 414 | 10764 |

മേൽപറഞ്ഞ പട്ടികയിൽ നിന്നും സോഡിയം വേപ്പർ ബൾബുകളുടെ വൈദ്യുതി ഉപഭോഗം താരതമ്യേന കൂടുതലാണെന്ന് വ്യക്തമാണ്. പ്രതിദിവസം സോഡിയം വേപ്പർ ബൾബുകൾക്ക് CFL ബൾബുകളെക്കാൾ 400/- രൂപ അധികം വൈദ്യുതിചാർജ്ജ് ചുമത്തപ്പെടുന്നുണ്ട്. ആയതിനാൽ സോഡിയം വേപ്പർ ബൾബുകൾക്ക് പകരം വൈദ്യുതി ഉപഭോഗം താരതമ്യേന കുറഞ്ഞതും ഈട് നിൽക്കുന്നതുമായ CFL/LEDബൾബുകൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 സാമൂഹ്യ സുരക്ഷാ മിഷന് പഞ്ചായത്ത് അനുവദിച്ച വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്ത് സാമൂഹ്യ സുരക്ഷാ മിഷന് പ്രോജകറ്റ് പ്രകാരം അനുവദിച്ച വിഹിതത്തിന്റെ വിശദവിവരങ്ങൾ താഴെ നൽകുന്നു :

പ്രോജകറ്റ് നം : 170/16

പേര് : സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ

അടങ്കൽ : 2,00,000/-

ചിലവ് : 2,00,000/-

വൗച്ചർ നം./തീയതി : 21500865/5/3/16

ഡി.ഡി നം./തീയതി : 334322/8/3/16

മേൽപറഞ്ഞ വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-10 ഹോമിയോപ്പതി മരുന്നുകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച്

പ്രോജക്ട് നമ്പർ 151/16

അടങ്കൽ തുക 2,50,000

(ബിൽ നമ്പർ 1/2015-16/13.1.16 രൂപ 217329

ബിൽ നമ്പർ 2/2015-16/13.1.16 രൂപ 32671 )

2015-16 സാമ്പത്തിക വർഷത്തിൽ ഹോമിയോപ്പതി ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങാൻ ഹോംകോമിന് 2,50,000 തുക നൽകിയിട്ടുണ്ടെങ്കിലും 121500 തുകയുടെ മരുന്നുകൾ (രസീത് നമ്പർ 1017/16.1.2016 ) മാത്രമെ ലഭ്യമായിട്ടുള്ളൂ. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 8, തീയ്യതി 28/09/2016) ലഭ്യമാകാത്ത 128500 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-11 SSA വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : HM , GLPSചെറുകോട്

പ്രൊജക്ട് നമ്പർ : 160/15-16

അടങ്കൽ :6,00,000

ചെലവ് :6,00,000

ബിൽ നമ്പർ : 1/ 15-16 Dt തി.16.3.2016

2015-16 വർഷത്തിൽ എസ്.എസ്.എ വിഹിതമായി 6,00,000 രൂപ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് ഡി.ഡി. നമ്പർ 334338 പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി -അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ

ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. വിവിധ വർഷങ്ങളിലെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സൂചകങ്ങൾ | 2015-16 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1369 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1369 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 351 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 28698000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 107 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 63 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | nil |
| 8 | തൻവർഷത്തെ വരവ് | 7087153 |
| 9 | തൻവർഷത്തെ ചെലവ് | 7072604 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 777 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 777 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 123 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br>തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | nil |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം,ചെലവഴിച്ച തുക | nil |
| 15 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഉണ്ട് |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/ എണ്ണം) | 1(പിഷാരത്ത്പടി-പരപ്പംകല്ല് റോഡ് നിർമ്മാണം) |
| 17 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | നടന്നിട്ടില്ല |
| 18 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |

| | | |
|---|---|---|
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | nil |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2015-15 | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | --- | --- |
| 2 | വരൾച്ച തടയൽ, വനവത്കരണം | --- | --- |
| 3 | ചെറുകിട ജലസേചനം | 27 | 664420 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയ വരു ടെഭ്രമിയിൽ ജലസംരക്ഷണം, ഭ്രവികസനം | 25 | 341400 |
| 5 | പരമ്പരാഗതജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | --- | -- |
| 6 | ഭ്രവികസനം | 54 | 5745646 |
| 7 | ഗ്രാമീണറോഡ്നിർമ്മാണം | 1 | 0 |
| 8 | ഭരണപരമായ ചെലവുകൾ | | 246084 |
| 9 | മറ്റ് ചെലവുകൾ | | 74954 |
| | ആകെ | | 7072504 |

അവലോകനം

2015-16 ലെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിന്മേലുള്ള സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | | |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 28698000 |
| | ചെലവഴിച്ച തുക | 7072504 |
| | ശതമാനം | 4.6 |
| 2 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1369 |
| | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 777 |
| | ശതമാനം | 56 |
| 3 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 123 |
| 4 | തൻവർഷം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ? | ഉണ്ട്(1) |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2015-16 | 180000/- (ബ്ലോക്ക് വിഹിതം) | നെൽകൃഷിക്ക് കൂലിച്ചെലവ് | 180000/- | 0 |
| | 70000/- (ബ്ലോക്ക് വിഹിതം) | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 60000/- | 10000/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ഉദ്ദേശം | ഉത്തരവ് | വായ്പ ത്തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| EMS ഭവനപദ്ധതി | No.1000/2010 dt.24-3-2010/ LSGD | 1300000 | 369395 | -- | |
| KURDFC ലോൺ | G.O(O)No.2833/15 /LSGD dt.16-9-2015 | 14220000 (തൻവർഷം 85,44,345/- രൂപ ലഭ്യമായി) | --- | 298063 | 85,44,345 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44952477 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55432111 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,00,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 21,00,000 | കെ.ജെ.വിജയൻ, വി.ഇ.ഒ. |
| 3-2 | 4,00,000 | ശ്രീ.പി.എം.ഉണ്ണികൃഷ്ണൻ (ഹെഡ്ക്ലാർക്ക്-ഇൻ ചാർജ്ജ്) |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | വിശദാംശം |
|---|---|---|
| 1996-97 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 1997-98 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 1998-99 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 1999-00 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2000-01 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2001-02 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2002-03 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2003-04 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2004-05 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2005-06 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2006-07 | L.F.P/16/311(1)/13 /5-6-2013 | പുനരഭിപ്രായക്കുറിപ്പ് |
| 2007-08 | L.F.P/16/311(2)/13 /5-6-2013 | പുനരഭിപ്രായക്കുറിപ്പ് |
| 2008-09 | L.F.P/16/311(1)/13 /5-6-2013 | പുനരഭിപ്രായക്കുറിപ്പ് |
| 2009-10 | L.F.P/16/1135/13 /14-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2010-11 | L.F.P/16/1135/13 /14-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2011-12 | L.F.P/16/1968/14 dt 4-12-2014 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13<br>2013-14<br>2014-15 | KSA-PKD16/1749/15 Dt.12-2-2016 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

## വാർഷികക്കണക്കുകളുടെ സാക്ഷ്യപത്രം

കെ.എസ്.എ-പികെഡി16/1879/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 06.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റ് ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 31.03.2016-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, എന്നിവ പ്രകാരം തയ്യാറാക്കിയ 2015-16 വർഷത്തെ സ്ഥാപനത്തിന്റെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ന്യൂനതകളുടെ സംഗ്രഹം

(1) ഡിമാന്റ് രജിസ്റ്ററുകൾ (വസ്തുനികുതി, തൊഴിൽനികുതി(ജീവനക്കാരുടെ) വാടക, തുടങ്ങിയവ) പൂർത്തിയാക്കാത്തതിനാൽ sundry debtors (Receivables)ന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(2) ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

No.KSA-PKD-16/1879/2016

Kerala State Audit Department

District Audit Office, Palakkad

Dated : 06.01.2017

CERTIFICATE

Certified that I have examined the Annual Financial Statement of **Vallapuzha *Grama Panchayath*** for the year ended ***31.03.2016*** in Palakkad District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Audit General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of **Vallapuzha *Grama Panchayath*** prepared in accordance with Section 215 of the Kerala Panchayat Raj Act 1994 and Kerala Panchayat Raj (Accounts) Rules, 2011 for the year ***2015-16*** properly presents the picture of income, expenditure and closing balance except the defects pointed out in this certificate.

**Deputy Director,**
**Kerala State Audit Department**

**District Audit Office, Palakkad**

## Abstract of Defects

1)Since the accounting of the Demand registers of property tax,proffession tax of employees & rent was not completed the accuracy of the balances shown in balance sheet could'nt be assessed/verified.

2)Since the Asset register is not updated & linked with Sankhya ;the value of the fixed assets shown in the balance sheet could'nt be confirmed.

**Deputy Director**
**Kerala State Audit Department**
**District Audit Office, Palakkad**